LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളിതുവരെ ഗ്രേസ് മാർക്ക് അനുവദിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

അദ്ധ്യാപകരുടെ ഗ്രേഡ് പുനഃക്രമീകരിക്കുവാൻ നടപടി

33 (2036) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രമോഷൻ സാധ്യതയില്ലാത്ത വിഭാഗമായ അദ്ധ്യാപകർക്ക് ജോലി ഭാരവും ഉത്തരവാദിത്വവും പരിഗണിച്ച് ഗ്രേഡുകൾ പുനഃക്രമീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപകരുടെ സർവ്വീസ് വെയിറ്റേജ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 8, 6, 23 വർഷത്തേക്ക് സേവന ദൈർഘ്യം അനുസരിച്ച് ഗ്രേഡ് ആനുകൂല്യം നിലവിൽ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിച്ചശേഷം 8 വർഷം പൂർത്തിയാകുമ്പോഴോ, രണ്ട് തസ്തികയുംകൂടി മൊത്തം സേവന ദൈർഘ്യം (അദ്ധ്യാപക/ഹെഡ്മാസ്റ്റർ) 28 വർഷം പൂർത്തിയാകുമ്പോഴോ വീണ്ടും ഒരു ഗ്രേഡ് കൂടി നൽകുന്നുണ്ട്.

(ബി) സർവ്വീസ് വെയിറ്റേജ് സംബന്ധിച്ച് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും നിലവിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പാക്കുന്നുണ്ട്.

പഞ്ചായത്ത് സ്കൂളുകളെ സർക്കാർ സ്കൂളുകളായി മാറ്റിയ ഉത്തരവ്

34 (2037) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകളെ എന്നു മുതലാണ് സർക്കാർ സ്കൂളുകളായി മാറ്റി ഉത്തരവിറക്കിയത് ;

(ബി) പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റ വിഷയത്തിൽ പ്രത്യേക നിർദ്ദേശങ്ങളുണ്ടോ ; അതോ മറ്റു സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്കുള്ള രീതിതന്നെയാണോ സ്ഥലം മാറ്റത്തിനുള്ളത് ;

(സി) ഈ വർഷം നടക്കുന്ന ട്രാൻസ്ഫറിനായി ഓൺലൈൻ വഴിയുള്ള അപേക്ഷ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കു കൂടി ബാധകമാക്കുമോ ?